# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 25, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(സമ്മേളനം ആരംഭിച്ച ഉടൻതന്നെ ദൃശ്യ മാദ്ധ്യമങ്ങൾക്ക് സഭയിൽ ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് സംബന്ധിച്ച് പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം മുഴക്കി പുറത്തേയ്ക്ക് പോവുകയും ചോദ്യോത്തരസമയം ബഹിഷ്ക്കരിക്കുകയും ചെയ്തു.)

(ചോദ്യ കർത്താക്കൾ ചോദ്യോത്തരസമയം ബഹിഷ്കരിച്ചതിനാൽ 174–ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല)

49 (*175) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് പ്രോഗ്രാം

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ) നല്കിയ മറുപടിയിൽ, കേന്ദ്ര സഹായത്തോടെയുള്ള ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് പ്രോഗ്രാം വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ടെന്നും ഈ പദ്ധതിയിൽ പത്തനംതിട്ട, മലപ്പുറം, കാസർകോഡ് എന്നീ ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ മറ്റു ജില്ലകളെക്കൂടി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഴയതരം മീറ്ററുകളും കേടായ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക, വോൾട്ടേജ് കൂട്ടുന്നതിനുവേണ്ടി ട്രാൻസ്ഫോർമറുകൾ, കപ്പാസിറ്ററുകൾ എന്നിവ സ്ഥാപിക്കുക, കൂടുതൽ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, കമ്പ്യൂട്ടർവൽക്കരണം നടത്തുക, ശബരിഗിരി ജലവൈദ്യുത

പദ്ധതിയുടെ പുനരുദ്ധാരണവും നവീകരണവും നടത്തുക, പരപ്പനങ്ങാടിയിൽ 110 കെ.വി.യും കക്കാട് 33 കെ.വി. യും സബ്സ്റ്റേഷനുകൾ നിർമ്മിക്കുക തുടങ്ങിയ ജോലികളാണ് ഈ പദ്ധതിപ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഓരോ ജില്ലകളിലും ചെയ്തുതീർക്കേണ്ട പ്രോജക്ടുകളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് കേന്ദ്രഗവൺമെന്റ് അംഗീകരിച്ച് വിഹിതവും അനുവദിച്ചിട്ടുണ്ട്. ചില സാങ്കേതിക തടസ്സങ്ങളാൽ ബോർഡിന് തുക ലഭ്യമായിട്ടില്ല. പണം ലഭ്യമായാലുടൻതന്നെ പണിയാരംഭിക്കുന്നതാണ്. വൈദ്യുതി ബോർഡിനെ മൂന്നു കേന്ദ്രങ്ങളായി വിഭജിച്ച് സിസ്റ്റം സ്റ്റെബിലൈസ് ചെയ്ത് കൂടുതൽ ലാഭകരമാക്കി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതമൂലം ഇതിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്ന ആശങ്ക വേണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*176) <u>ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 1828 മെഗാവാട്ട് ആണെന്നും ഈ പദ്ധതികളിൽനിന്നും 2001–2002 സാമ്പത്തികവർഷം 6780 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചുവെന്നും സഭയെ അറിയിച്ചു. ജനറേറ്ററുകൾക്ക് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്നതിനാൽ എല്ലാ ദിവസവും എല്ലാ സമയവും ഇവ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നതാണ് ഉൽപ്പാദനത്തിലെ വ്യത്യാസത്തിന് കാരണം. കൂടുതൽ ജലവൈദ്യുത പദ്ധതികൾ തുടങ്ങണമെന്നുതന്നെയാണ് ഗവൺമെന്റു കരുതുന്നത്. അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ ക്യാബിനറ്റിന്റെ പരിഗണനയിലാണ്. പരിസ്ഥിതി സംബന്ധിച്ച അംഗീകാരം ലഭ്യമാക്കി പൂയംകുട്ടി പദ്ധതിക്ക് കഴിയുന്നതും വേഗം അനുമതി വാങ്ങുന്നതിനുള്ള തീവ്രപരിശ്രമത്തിലാണ്. ശബരിഗിരി, ഇടുക്കി എന്നിവയൊഴിച്ചുള്ള ജലവൈദ്യുത പദ്ധതികളിൽ ഒരു നിശ്ചിത റേഷ്യോ ജലം നിലനിറുത്തിക്കൊണ്ട് മഴക്കാലത്തു മാത്രമേ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുകയുള്ളൂ എന്നതിനാലാണ് പെരിങ്ങൽക്കുത്ത് പദ്ധതിയിൽ എല്ലാ സമയത്തും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തത്. ക്യാപ്റ്റീവ് ജനറേഷനും പവർ പർച്ചേസ് എഗ്രിമെന്റും മുഖേന സ്വകാര്യ ഏജൻസികൾക്ക് വൈദ്യുതി ഉല്പാദനത്തിന് അനുമതി കൊടുത്തിട്ടുണ്ട്. ചിമ്മിനി ഡാമിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ച് വേണ്ടതു ചെയ്യുന്നതാണ്. സൈലന്റ് വാലി പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്ന കാര്യം തീരുമാനിക്കേണ്ടത് ക്യാബിനറ്റാണ്. കേന്ദ്രാനുമതി ലഭിച്ചാലുടനെ മാനന്തവാടി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ചെമ്പുകടവ് പദ്ധതി പ്രദേശത്തെ മലയോരകർഷകരെ പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അച്ചൻകോവിൽ പ്രദേശം കേന്ദ്രീകരിച്ചുള്ള ടിൻ കല്ലാർ പദ്ധതിയുമായി മുന്നോട്ടു പോകാൻ ഗവൺമെന്റു

തീരുമാനിച്ചിട്ടുണ്ടെന്നും കുര്യാർകുറ്റി–കാരപ്പാറ പദ്ധതി നടപ്പിലാക്കുന്നതിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ജലസേചനവകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ജലസേചനത്തിനായി കൂടുതൽ വെള്ളം തുറന്നുവിടുന്നതനുസരിച്ച് കല്ലട പദ്ധതിയിലെ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

51 (*177) അലങ്കാര മത്സ്യകൃഷിക്കും ചെമ്മീൻ, ഞണ്ട്, മുരിങ്ങ എന്നിവയുടെ കൃഷിക്കും പ്രോത്സാഹനം നല്കുവാൻ നടപടി.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊ. കെ.വി. തോമസ്) നല്കിയ മറുപടിയിൽ, അലങ്കാര മത്സ്യകൃഷിക്കും ചെമ്മീൻ, ഞണ്ട്. മുരിങ്ങ എന്നിവയുടെ കൃഷിക്കും താഴെപ്പറയുന്ന ഇൻസെന്റീവുകളാണ് നൽകുന്നതെന്ന് സഭയെ അറിയിച്ചു:

അലങ്കാരമത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 1,50,000 രൂപ വരെ സബ്സിഡിയായി നൽകുന്നതിന് മത്സ്യ കർഷക വികസന ഏജൻസി പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. കൂടാതെ അലങ്കാര മത്സ്യകൃഷിക്ക് മാത്രമായി പ്രത്യേക പരിശീലന പരിപാടികളും വിത്തുൽപ്പാദിപ്പിക്കുന്നവർക്ക് ആവശ്യമായ സാങ്കേതിക സഹായവും ഏജൻസി (അഡാക്) വഴി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യ കർഷക വികസന ഏജൻസി വഴി അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ പദ്ധതികൾ തയ്യാറാക്കിവരുന്നു. ജില്ലകളിൽ സ്വയം സഹായസംഘങ്ങൾ മുഖേന മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അലങ്കാര മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി മത്സ്യഫെഡ്ഡ് സാമ്പത്തികസഹായം നൽകുന്നുണ്ട്. തൊഴിൽരഹിതരായ 600 മത്സ്യതൊഴിലാളി സ്ത്രീകൾക്ക് അലങ്കാരമത്സ്യകൃഷിയിലൂടെ സ്വയം തൊഴിൽ ചെയ്യുന്നതിന് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ 48 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പ്രതിവർഷം 50,000 മത്സ്യ കുഞ്ഞുങ്ങളെയെങ്കിലും ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള അലങ്കാര മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾക്ക്, നിർമ്മാണച്ചെലവിന്റെ പകുതിയോ, 40,000 രൂപയോ ഏതാണോ കുറവ് അത്രയും തുക സബ്സിഡിയായി അനുവദിക്കാനുള്ള ഒരു പദ്ധതി കണ്ണൂർ ശുദ്ധജല മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പിലാക്കിവരുന്നുണ്ട്. മലപ്പുറം എഫ്.എഫ്.ഡി.എ.. യുടെ പദ്ധതിയനുസരിച്ച് ശുദ്ധജല ചെമ്മീൻകൃഷി ചെയ്യുന്നതിന് റിക്ലമേഷൻ സബ്സിഡി ഇനത്തിൽ ഹെക്ടർ ഒന്നിന് 40,000 രൂപയും ഇൻപുട്ട് സബ്സിഡി ഇനത്തിൽ 6,000 രൂപയും നൽകുന്നു. ചെമ്മീൻകൃഷിക്ക് പ്രോൽസാഹനമായി ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ഹെക്ടറിന് 30,000 രൂപ നിരക്കിൽ ഓരുജല മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരം നൽകിവരുന്നു. അഡാക് മുഖേന ചെമ്മീൻ കൃഷിഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കൃഷിക്ക് വേണ്ട വിത്ത്, തീറ്റ, വളങ്ങൾ എന്നിവയ്ക്ക് ധനസഹായവും നൽകിവരുന്നു. കർഷകർ നടപ്പാക്കുന്ന ഘടകപദ്ധതികൾ കണക്കിലെടുത്ത് ഒരു ഹെക്ടറിന് ഏകദേശം 85,000 രൂപവരെ നല്കുന്നുണ്ട്. കൊല്ലം ജില്ലയിലെ ഓരുജല മത്സ്യ കർഷക വികസന ഏജൻസി മുഖേന മുരിങ്ങ കൃഷി നടത്തുന്നതിന് ധനസഹായം നൽകിവരുന്നു. കണ്ണൂർ ഓരുജല മത്സ്യ കർഷക വികസന എജൻസി മുഖേന ഞണ്ടു കൃഷിക്ക് 300 സെന്റിന്റെ ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 25 ശതമാനം, പരമാവധി 15,000 രൂപ സബ്സിഡി നൽകിവരുന്നു. 100 ചതുരശ്ര മീറ്ററുള്ള കല്ലിൻമേൽകായ കൃഷിക്ക് ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 25 ശതമാനം പരമാവധി 5625 രൂപ സബ്സിഡി അനുവദിക്കുന്നുണ്ട്.

ഞണ്ട് കൃഷിക്ക് താൽപര്യമുള്ള കർഷകർക്ക് ഓരുജല മത്സ്യ കർഷക വികസന ഏജൻസി വഴി സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്. സ്ത്രീകളെ സഹായിക്കുന്ന അലങ്കാര മത്സ്യ കൃഷിയെ സംബന്ധിച്ച സംസ്ഥാന വ്യാപകമായ ബോധവൽക്കരണ ക്യാമ്പുകൾ കൂടുതൽ ശക്തമാക്കുന്നതാണ്. ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിത്തരികയാണെങ്കിൽ

തൃശ്ശൂരിലെ വിലങ്ങൻകുന്നിൽ അലങ്കാരമത്സ്യകൃഷിയെ സംബന്ധിച്ച് ഒരു ഡെമൊൺ സ്ട്രേഷൻ പരിപാടി സംഘടിപ്പിക്കുന്നതാണ്. ഫിഷറീസ് ഡയറക്ടർ കൺവീനറായ കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് പഠിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അലങ്കാര മത്സ്യ കൃഷി പ്രദർശനങ്ങളും പരിപാടികളും സംഘടിപ്പിച്ച് കൂടുതൽ വ്യാപകമാക്കുന്നതാണ്. കേന്ദ്ര ഏജൻസിയായ മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുടെ സാമ്പത്തിക-സാങ്കേതിക സഹായങ്ങളോടെ അലങ്കാര മത്സ്യങ്ങളെ കയറ്റി അയയ്ക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികളുടേയും മത്സ്യത്തൊഴിലാളികളുടേയും സഹകരണത്തോടെ കുട്ടനാടു പ്രദേശങ്ങളിൽ ഒരു നെല്ല് ഒരു മീൻ എന്ന പദ്ധതി പ്രകാരം ശുദ്ധജല മത്സ്യ കൃഷി വ്യാപകമാക്കിയിട്ടുണ്ട്. ഡാംസൈറ്റുകളിൽ അലങ്കാര മത്സ്യ കൃഷി ചെയ്യുന്നതിനെക്കുറിച്ച് വനം-വിദ്യുച്ഛക്തി-ഫിഷറീസ് വകുപ്പുകൾ സംയുക്തമായി ആലോചിച്ചിട്ടുണ്ട്. വൈറസ് രോഗബാധയെത്തുടർന്ന് സാമ്പത്തികനഷ്ടം സംഭവിച്ച അലങ്കാര മത്സ്യ കർഷകരെ സഹായിക്കാൻ അവരുടെ ബാങ്ക് ലോണിന്റെ തിരിച്ചടവ് താല്കാലികമായി നിറുത്തിവയ്ക്കാനും ഒരു പരിശോധനാകേന്ദ്രം സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഫിഷറീസ്-ടൂറിസം വകുപ്പുകളുടെ സംയുക്ത പ്രവർത്തനം വഴി ആക്കുളം അക്വേറിയത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണ്. നാടൻ മത്സ്യങ്ങളുടെ പ്രജനനം വർദ്ധിപ്പിക്കാനുള്ള നടപടികളും സംസ്ഥാനഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കക്കകൃഷി വ്യാപകമാക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണെന്നും ആലപ്പുഴ മാരിടൈം മ്യൂസിയം വികസിപ്പിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

52 (*178, *181) <u>മൺസൂൺ കാലത്ത് മത്സ്യബന്ധനം നിരോധിക്കണമെന്ന നിർദ്ദേശം</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജൂൺ 10 മുതൽ ആഗസ്റ്റ് 15 വരെയുള്ള 65 ദിവസം മത്സ്യബന്ധനം നിരോധിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ വർഷം 45 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മൺസൂൺ കാല ട്രോളിംഗ് നിരോധനം മൂലം സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് വർദ്ധിക്കുന്നതു് സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിവരുന്നു. കൂടാതെ 19-6-2002-ൽ ഫിഷറീസ് ഡയറക്ടർ കൺവീനറായി ഒരു സമിതികൂടി രൂപീകരിച്ചിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റി മത്സ്യവിഭാഗ മേധാവിയുടെ

ട്രോളിംഗ് നിരോധനം സംബന്ധിച്ച പഠനറിപ്പോർട്ട് ലഭിച്ചതിനുശേഷം ജനപ്രതിനിധികളുമായും സംഘടനാപ്രതിനിധികളുമായും ചർച്ച ചെയ്തതിനുശേഷം ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേയും യന്ത്രവത്കൃതബോട്ടുടമകളുടേയും അനുവാദത്തോടെ മാത്രമേ നിരോധനം നടപ്പിലാക്കാനാവുകയുള്ളൂ. ട്രോളിംഗ് നിരോധനം മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സമ്പാദ്യ സമാശ്വാസപദ്ധതി പ്രകാരമുള്ള സഹായവും് പെൻഷനും കൊടുക്കുന്നുണ്ട്. ഫിഷറീസ് വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി ആലോചിച്ച് ആരോഗ്യ പരിപാലന പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ സൗജന്യ റേഷൻ കൊടുക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് ഗുണകരമായ വിധത്തിൽ, ശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഈ വർഷം തന്നെ ഫിഷറീസ് നയം രൂപീകരിക്കുന്നതാണ്. എക്കണോമിക് സോൺ 200 കിലോമീറ്ററിനുള്ളിൽ വരുന്ന വിദേശ കപ്പലുകളുടെ കടന്നുകയറ്റം പരിശോധിക്കുന്നതിന് കോസ്റ്റു ഗാർഡുകളുടെ ഒരു യൂണിറ്റ് കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്; വിഴിഞ്ഞത്ത് ഒരു യൂണിറ്റ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 600 കോടി രൂപയുടെ ഒരു പ്ദധതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യോത്തരവേള അവസാനിക്കുന്നതിനു മുൻപായി പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

53 (*182) <u>ശുദ്ധജല വിതരണ പദ്ധതികൾ</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ വഴി 95 കോടി രൂപയുടെ ധനസഹായവും എൽ.ഐ.സി., ഹഡ്കോ, നബാർഡ്, ഫെഡറൽ ബാങ്ക് എന്നിവയുടെ ധനസഹായവും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചു. പദ്ധതികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കി കമ്മിഷൻ ചെയ്യുവാൻ വേണ്ടി നാലു വർഷത്തെ ആക്ഷൻ പ്ളാൻ തയ്യാറാക്കിക്കഴിഞ്ഞു.

54 (184) <u>അക്ഷയസ്രോതസ്സുകളിൽനിന്നും വൈദ്യുതി</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് അക്ഷയസ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചു. വൈദ്യുതി ബോർഡ് ജലവൈദ്യുത പദ്ധതികളിൽനിന്നും അനെർട്ട് ജൈവാ

വശിഷ്ടങ്ങൾ, കാറ്റ്, സൗരോർജം, ബയോ ഗ്യാസ് എന്നിവയിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

55 (*187) ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണം

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഇപ്പോൾ 224 ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ കേരള ജല അതോറിറ്റി വഴിയും 800 ചെറുകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പണികൾ കേരള വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസി വഴിയും നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

60 (931) വൈദ്യുതമേഖലയിലെ നവീകരണ പദ്ധതികൾ

വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ മേഖലയിൽ വരുത്തേണ്ട നവീകരണങ്ങളെക്കുറിച്ച് പഠിക്കാൻ എ.ഡി.ബി.യുടെ കൺസൾട്ടന്റായ ക്രിസിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു

.

61 (936) എൻ.ടി.പി.സി.ക്ക് നൽകുവാനുള്ള തുക

സംസ്ഥാന വൈദ്യുതി ബോർഡ് 31-3-2002 വരെ എൻ.ടി.പി.സി.ക്ക് 1260.38 കോടി രൂപ കുടിശ്ശികയായി നൽകുവാനുണ്ട്.

62 (939) വൈദ്യുതി ബോർഡിന്റെ 2001-2002-ലെ വരവ് ചെലവ്

പുതുക്കിയ എസ്റ്റിമേറ്റ്പ്രകാരം 2001-02-ലെ ബോർഡിന്റെ വൈദ്യുതി വിറ്റുവരവ് 2287.24 കോടി രൂപയാണ്. ക്യാഷ് ഫ്ളോ പ്രകാരം മൂലധന നിക്ഷേപത്തിനായി 452.38 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

63 (943) ഇലക്ട്രിസിറ്റി ബോർഡിന് നിലവിലിള്ള കേസുകൾ

ഇലക്ട്രിസിറ്റി ബോർഡിന് 10 കേസുകൾ സുപ്രീം കോടതിയിലും 3996 കേസുകൾ ഹൈക്കോടതിയിലും അടക്കം വിവിധ കോടതികളിലായി 15274 കേസുകൾ നിലവിലുണ്ട്. കേസുകളുടെ നടത്തിപ്പിനായി ഓരോ വർഷവും അഡ്വക്കേറ്റ് ഫീസിനത്തിൽ ബോർഡ് 26 ലക്ഷത്തോളം രൂപ ചെലവഴിക്കാറുണ്ട്.

64 (962) കക്കാട് 33 കെ.വി. സബ്സ്റ്റേഷന് സ്ഥലം അക്വയർ ചെയ്യുന്ന നടപടി

കക്കാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു.

65 (991) <u>കാരാപ്പുഴ പദ്ധതിയുടെ നിർമ്മാണം</u>

1977–ൽ ആരംഭിച്ച കാരാപ്പുഴ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 760 ലക്ഷം രൂപയാണ്. ഇതിനായി 31–5–2002 വരെ 17864.9 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. 72 കോടി രൂപയുണ്ടെ ങ്കിൽ പദ്ധതി 2004–ൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

66 (1023) <u>ജലപാതകളുടെ മലിനീകരണം തടയുന്നതിന് നടപടി</u>

സംസ്ഥാനത്തെ ജലപാതകളായി ഉപയോഗിക്കുന്ന തോടുകളുടേയും കനാലുകളുടേയും മലിനീകരണം തടയുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

67 (1045) <u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിതരണം ചെയ്ത തുക</u>

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 4,62,43,225 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

68 (1046) <u>പ്രവർത്തനക്ഷമമായ ഫിഷിംഗ് ഹാർബറുകൾ</u>

സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ എട്ട് ഫിഷിംഗ് ഹാർബറുകളുള്ളതിൽ നീണ്ടകര, വിഴിഞ്ഞം, പുതിയാപ്പ, മാപ്പിളബേ എന്നീ തുറമുഖങ്ങളിൽ സാന്റ് പമ്പ് പ്രവർത്തനം നിലവിലുണ്ട്.

69 (1050) <u>ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള കടലോര റോഡുകൾ</u>

സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ 499.15 കിലോമീറ്റർ കടലോര റോഡുണ്ട്.

70 (1051) <u>വിദേശ ടൂറിസ്റ്റുകൾ</u>

2001–ൽ സംസ്ഥാനത്തുവന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 2000–ത്തിനെക്കാൾ 0.52 ശതമാനം കുറവാണ്.

71 (1057) <u>വിനോദസഞ്ചാര വികസനത്തിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള പദ്ധതികൾ</u>

സംസ്ഥാനത്ത് സ്വകാര്യ മേഖലയിലും നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ വഴിയും വിനോദസഞ്ചാര വികസനത്തിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി വകുപ്പുതലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഇതിന്റെ ഭാഗമായി 1986–ൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിക്കുകയും വിവിധ തരത്തിലുളള ഇളവുകൾ നൽകിവരുകയും ചെയ്യുന്നു. മൊത്തം നിക്ഷേപത്തിന്റെ 10 ശതമാനം (പരമാവധി പത്തു ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡി, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും മറ്റും വായ്പ അനുവദിക്കൽ, ഇലക്ട്രിസിറ്റി ചാർജിലെ ഇളവുകൾ, പ്രചരണത്തിന് സഹായിക്കൽ തുടങ്ങിയവയിലൂടെ പ്രോൽസാഹനം നൽകിവരുന്നു.

72 (1063) <u>പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്കുളള ക്ഷേമപദ്ധതികൾ</u>

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

73 (1066, 1067) <u>ചികിൽസാ ദുരിതാശ്വാസം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിലെ പിന്നോക്കം നിൽക്കുന്നവർക്ക് ചികിൽസാ ദുരിതാശ്വാസമായി 53,16,698 രൂപ അനുവദിച്ചിട്ടുണ്ട്; നാളിതുവരെ 1411 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

74 (1068) <u>പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ചികിൽസാ ധനസഹായം നൽകുന്ന പദ്ധതി</u>

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ക്യാൻസർ മുതലായ രോഗങ്ങൾക്കുളള ചികിൽസ, ദീർഘകാലം നടക്കുന്ന ചികിൽസ, ചെലവു കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപവരെ അനുവദിക്കുന്നതാണ്.

75 (1071) <u>പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളിലെ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം</u>

പട്ടികവർഗ്ഗക്കാരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി 1992–93 മുതൽ നടപ്പിലാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പിൽ പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1995–96–ൽ പഞ്ചായത്തുരാജ് നിലവിൽ വന്നപ്പോൾ പട്ടികജാതി വികസന വകുപ്പ് വിവാഹ ധനസഹായ പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ പെൺമക്കളുടെ വിവാഹ ധനസഹായം ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.

76 (1075) <u>ധാന്യ വിതരണ തൊഴിൽദാന പദ്ധതികൾ</u>

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആഴ്ചയിൽ പത്തു കിലോ അരി എന്ന നിരക്കിൽ സൗജന്യമായി ധാന്യ വിതരണം നടത്തുന്ന 'ഫുഡ് ഫോർ വർക്ക്' എന്ന

പദ്ധതി 1–6–2002 മുതൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ പദ്ധതി കാലയളവ് 31–8–2002 വരെയാണ്. ഇതു കൂടാതെ 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' എന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

77 (1082) <u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകി വരുന്ന വായ്പകൾ</u>

സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ഇപ്പോൾ കാർഷിക–വ്യാവസായികസേവന മേഖലയിലുള്ള സ്വയം തൊഴിൽ വായ്പ, വനിതകൾക്കുള്ള സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ ധനസഹായം, കമ്പ്യൂട്ടർ വാങ്ങാനുള്ള ധനസഹായം, വിദേശത്ത് ജോലിക്ക് പോകുന്നവർക്കുള്ള വായ്പ, ഇരുചക്ര വാഹന വായ്പ, സന്നദ്ധസംഘടനകൾ വഴിയുള്ള ലഘു വായ്പ എന്നിവ നൽകിവരുന്നു. കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും വായ്പകൾ നൽകിവരുന്നു.

.....